
# M.T.L.P.S MELPADOM



# ACADEMIC MASTER PLAN
# 2025-26



## ആമുഖം

അനുദിനം വളർന്നു കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവിശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് മുന്നോട്ട് പോകുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സമൂഹ പുരോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെയാണ് അക്കാദമിക-മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഭാഷാ, ഗണിത, ശേഷികളിൽ മികവ് കൈവരിക്കുന്നതിനനുയോജ്യമായ രീതിയിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ദർശനം

ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാവുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും, പഠനപ്രവ ർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന തിനുള്ള സം വിധാനങ്ങൾ ഒരുക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങൾ എല്ലാ കുട്ടികൾക്കും ഒരേപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ വിദ്യാർഥിയേയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം

* ഗണിതശേഷി വികാസം

* ശാസ്ത്ര പരിപോഷണം.

* ലൈബ്രറി ശാക്തീകരണം

* സ്കോളർഷിപ്പ് പരീക്ഷ

* പഠന യാത്ര

* കലാപ്രവൃത്തിപരിചയ പഠനം

* ജൈവ പച്ചക്കറിത്തോട്ടം

* ദിനാചരണങ്ങൾ

* പഠനോപകരണ നിർമാണം

*ഐടി പഠനം- വ്യത്യസ്ത തലങ്ങൾ

*ഭിന്നശേഷി - കുട്ടികൾക്കുള്ള കൈത്താങ്ങ്

* രക്ഷകർത്തൃ പങ്കാളിത്തം

## ക്ലാസ് :1

കുട്ടികളുടെ എണ്ണം: 6
അധ്യാപികയുടെ പേര് : അശ്വതി ദേവി

### ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്യ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതി. ഭാഷാ ശേഷികളുടെ കാര്യത്തിലും മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. ഇതിനു വേണ്ടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

### വാർഷിക ലക്ഷ്യങ്ങൾ

* ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ അവശ്യങ്ങൾ തനിക്കറിയാവുന്ന പാട്ടുകൾ, കഥകൾ, എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക

* ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

* ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ അശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

* ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി -പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

* ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

## ജൂൺ മാസ പ്രവർത്തനങ്ങൾ

*പൂർണ്ണപങ്കാളിത്ത ക്ലാസ് പി.ടി.എ.

*ഒന്നൊരുക്കാം

*വായനോത്സവവും കഥാവേളയും

* സചിത്ര ഡയറി സചിത്ര ആസൂത്രണം  എന്നിവ തയ്യാറാക്കൻ

* സ ചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

*വായനാകാർഡ് നിർമ്മാണം

*താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ മാസ പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൻ

*കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൻ

*വായനാമൂല , ക്ലാസ് ലൈബ്രറി ഒരുക്കൽ

* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത വയറി എഴുതുന്നു.

*പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

*ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ് മാസ പ്രവർത്തനങ്ങൾ

* റീഡേഴ്സ് തീയേറ്റർ നിർമ്മാണ ശില്പശാല, പാട്ടരങ്ങ് ,മധുരം മലയാളം പ്രവർത്തനങ്ങൾ .

*ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു.

* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* അക്ഷരപ്പാട്ടുകൾ , ചിത്രവായനാ കാർഡുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.

* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

*ഭാവാതക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു .

* അശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ മാസ പ്രവർത്തനം

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കണം.

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കണം

*അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

*വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

*കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി  മാറ്റുന്നു.

## ഒക്ടോബർ മാസ പ്രവർത്തനം

* വായനോത്സവം സംഘടിപ്പിക്കുന്നു.

* ആസ്വാദ്യകരമായ വായന നടത്തുന്നു.

* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത രചനകൾ പ്രദർശിപ്പിക്കുന്നു.

* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.

* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

## നവംബർ മാസ പ്രവർത്തനങ്ങൾ.

*കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

*വായനോത്സവം തുടങ്ങുന്നു

*രചനോത്സവം തുടങ്ങുന്നു.

*പത്രവായനയ്ക്ക് അവസരം ഒരുക്കൽ

*താളാത്മകമായി കവിതകൾ ചൊല്ലൽ

* ചെറിയ വായന കാർഡുകൾ ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.

## ഡിസംബർമാസ പ്രവർത്തനങ്ങൾ

*രചന ശേഷി പരിപോഷിപ്പിക്കൻ

*ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

*ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

*കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

*സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

*പരസ്പര പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

## ജനുവരി മാസ പ്രവർത്തനങ്ങൾ

*കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.

* കുട്ടികൾ എഴുതിയ ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കു. ന്നതിനുള്ള അവസരം ഒരുക്കുന്നു.

*മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരിമാസ പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നിവ നടത്തുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

*ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

*സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

*കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു

## മാർച്ച് മാസ പ്രവർത്തനങ്ങൾ

*കുട്ടികൾ തയാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

*വീട്ടുവായന , കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങല വായന, സ്വതന്ത്രവായന. ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാ വുന്നതാണ് . പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

*ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖകൾ എണ്ണുന്നു എഴുതുന്നു

*ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു വായിക്കുന്നു.

*സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു.

* ഒന്ന് മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

*ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ

*ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

### ജൂൺ മാസ പ്രവർത്തനങ്ങൾ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു

* സംഖ്യാ കാർഡ് നിർമ്മാണം

### ജൂലൈ മാസ പ്രവർത്തനങ്ങൾ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു

× സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

### ഓഗസ്റ്റ്

* ഒന്നുമുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

*കൂടുതൽ കുറവ് തിരിച്ചറിയുന്നു.

* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രേവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### സെപ്റ്റംബർ

*സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

*ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയ

* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

*സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

*ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്

വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ

* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

നവംബർ

* സംഖ്യാ ഗാനങ്ങൾ പാട്ടുന്ന ശേഖരിക്കുന്നു.

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

*ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

*ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന (പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

*സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു

*ഒന്നുമുതൽ പത്ത് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

* ഗണിത ആൽബം പ്രദർശിപ്പിക്കുന്നു.

*വില വിവരപ്പട്ടിക, (പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.

* സംഖ്യകളുടെ പകുതി ,തുല്യം എന്നിവ തിരിച്ചറിയുന്നു.

## ENGLISH

The goal for the first grada is to handle English fluently. The first grade must go from small words to big words. They must be able to read, write and speak English. Every child should be able to Speak english fluently like malayalam we have to keep the language english close to coeur heart

**Objectives and learning out comes**

* Respond to simple instructions in the classroom

*Describe oxally about the pictures and objects

*Familiarise with simple words.

* Enjog songs and sings them with Rhythm and action

*Familiarise the names of birds, animals, Chev young anes and identifies them from picture

June

Introduce symbol words

Provides picture cards

July

* Identify familiar words

Say familiar words

Read familiar words

* Write familica words

August.

* Enjoy songs and sings them with Rhythm and action

*Describes orally about pictures and Objects using adjectives

September

*Read and write simple sentences words and

*Provides picture cards and reading cards

October

* Introduce symbol picture descriptions

* Make Wood chain sentence chain

*Make riddles

* Describe Words rhyming words

*Text book activities.

November

*Prepare reading cards

* Provide more opportunities to read.

*write and speak english

*Write five english words daily

December

* Read and understand germple instructions

in the classroom

*Encourage digital reading.

January

*Enjoy songs and sings them with Rhythm and action

*Make picture att albums

* Collect pictures of animals and its young aner.

February

* Provide the opportunity to express myself in the classroom

* English assembly once a week.

March

* Speak english fluently

* Read and write simple sentence

*Picture reading and picture description

## ക്ലാസ് 2

കുട്ടികളുടെ എണ്ണം : 6
അധ്യാപികയുടെ പേര് : സൗമ്യ. എസ്

### ആമുഖം

എം.റ്റി.എൽ.പി. മേൽപ്പാടം സ്കൂളിൽ 2025-26 അധ്യയന വർഷം 6 കുട്ടികൾ രണ്ടാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്ന ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവിശ്യമാണ് പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ

*എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറു വാക്യങ്ങൾ എഴുതുവാൻ കഴിവു നേടുന്നു.

*എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കുവാൻ കഴിവു നേടുന്നു.

*എല്ലാ കുട്ടികളും രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി തയ്യാറാക്കുന്നു.

* ആകർഷകവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.

* സംഖ്യാ വ്യാഖാനങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

* സചിത്ര നോട്ട്ബുക്കിന്റെ സഹായത്തോടെ ഭാഷാശേഷി ആർജിക്കുന്നു

### മലയാള മധുരം

*ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.

*സർഗശേഷി വികസനത്തിന് അവസരമൊരുക്കുന്നു.

.*ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

*ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

*കുഞ്ഞുചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

സംയുക്ത ഡയറി

*സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

*സ്വതന്ത്ര രചന.

* ഭാഷാശേഷീ വികാസം

പാട്ടരങ്ങ്

* താളം മനസിലാക്കി പാഠഭാഗത്തിലുള്ള തും മറ്റ് സമാന കവിതകളും ഈണം നൽ കി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ക സംഘമായും ആവിഷ് കരിക്കുകയും ചെയ്യുന്നു.

*ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമഹ

സചിത്ര പുസ്തകം

* രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിന ധാരണ നേടുന്നു.

* എല്ലാ യുട്ടികൾക്കും സചിത്രപുസ്തകം വർക്ക്ബുക്ക ലഭ്യമാക്കുന്നു.

* കുട്ടികളെ സ്വതന്ത്ര രചനക്കാരും വായനക്കാരുമാക്കി മാറ്റുന്നു.

* പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാ കായിക പ്രവൃത്തിപരിചയം ഉദ്ഗ്രഥന സാധ്യതകൾ ഉൾപ്പെടുത്തുന്നു.

ക്ലാസ് പത്രം.

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

* രചനാശേഷി പരിപോഷിപ്പിക്കുന്നു.

* വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാകുന്നു.

* സ്കൂളുകളിലെ ദൈനം ദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു.

## രചനോത്സവം

* രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## വായനോത്സവം

* കുട്ടികളിൽ വായനാശീലം വളർത്തുന്നു.

* ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

* വായനാക്കുറിപ്പ് തയാറാക്കുന്നു ..

## ഭാഷോത്സവം

*ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം കരുതുന്നു.

*കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു

* കുട്ടികളുടെ സർഗ ശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.

*ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളായി പ്രകടിപ്പിക്കാൻ കഴിയുന്നു

## ഗണിത കേളികൾ

*കുട്ടികൾക്ക് ഗണിതകേളികളിൽ താല്പര്യമുണ്ടാക്കുന്നു.

*ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു.

*യുക്തി ബോധം വളർത്തുന്നു.

*കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)

* ഡൊമിനോ കളി ( വ്യവകലനം)

*ബോൾ കളി (ഗുണനം)

## ഗണിത കിറ്റ്

10 ന്റെ നോട്ടുകൾ , മഞ്ചാടി, പുളിങ്കുരു മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു

## പരീക്ഷണങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുകയും പുതിയത് രൂപകല്പന ചെയ്യുകയും ചെയ്യുന്നു.

പാനീയമേള,

ആഹാരം ആരോഗ്വത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നു. CPTA യുടെ പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിഷിക്കുന്നു.

ഭക്ഷ്യമേള

ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

പലഹാരമേള

*പല തരം പലഹാരങ്ങൾ മനസിലാക്കുന്നതിന്
*അവ ഉണ്ടാക്കുന്ന വിധം മനസിലാക്കുന്നതിന്.
*ലഘു പാചകക്കുറിപ്പുകൾ തയാറാക്കുന്നു.
*പാഠ ഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരവേള സംഘടിപ്പിക്കുന്നു.

## ENGLISH

The goal for the learner is to handle English fluently. The learner must go from Small words to big words. They must be able to read, write and speak English. Every child should be able to speak English fluently like malayalam.we have to keep the language English close to our heart. The academic master plan is designed to ensure that not a single child goes illiterate.

**OBJECTIVES**.

*To Speak, Read and write English without any mistake

*Respond to simple instructions in the classroom.

*Describe orally about the pictures and objects

**JUNE**

*Pretest

*To develop listening skills and reading Skills first

***listening skills**

* Game

* Action songs

* Hello English activities.

*Conversations

* Skit

**Speaking skills.**

* Descriptions

* Growing sentences

* Picture reading

* picture descriptions.

* Self introduction.

* Book review.

* Quiz riddles.

**JULY & AUGUST**

**Reading Skills.**

* News paper reading

* Library books reading

* Reading breaking news.

*find words.

*collect and read past tense, rhyming words describing words etc

**Writing Skills**

* Make word web

*picture description

* word chain, sentence chain.

*make riddles.

* conversations.

* Add more lines.

* Develop story

* Diary

കലാ-കായിക- പ്രവൃത്തി പരിചയം

* കുട്ടികളുടെ സർഗവാസനകൾ തിരിച്ചറിഞ്ഞു പരിപോഷിപിക

ബാലസഭ.

* ആരോഗ്യ കായിക വിദ്യാഭ്യാസം

. എയറോബിക്സ്

. എക്സർസൈസ്

.യോഗപരിശീലനം

കരകൗശല പരിശീലനം

* ഒറിഗാമി

* ക്രാഫ്റ്റ് വർക്ക്

*പേപ്പർ ബാഗ് നിർമ്മാണം.

*പാവ നിർമ്മാണം.

* വിവര സാങ്കേതിക വിദ്യയിൽ കുട്ടിയേയും അധ്യാപികയേയും ശാക്തീകരിക്കുക.

*കളിപ്പെട്ടി ക്ലാസ് തല പരിശീലനം

*ഡിജിറ്റൽ പോർട്ട് ഫോളിയോ

* പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക

* പഠനോപകരണ നിർമ്മാണ ശില്പശാല.

* വിവിധതരം ക്ലബ്ബുകൾ രൂപീകരിച്ച് ആവിശ്യമായ പഠന പിന്തുണ ഉറപ്പാക്കൽ.

. ഗണിത ക്ലബ്ബ്

. ശാസ്ത്ര ക്ലബ്ബ്

.വിദ്യാരംഗം.

ക്ലാസ്: **3**

കുട്ടികളുടെ എണ്ണം : 6
അധ്യാപികയുടെ പേര്: ഷെറിൻ എൽസാ

ആമുഖം

മൂന്നാം ക്ലാസിലെ കുട്ടി എന്നത് ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും, ശേഷികൾ കൈവരിച്ചവരുമാണ്, ആയതിനാൽ . കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിദാന്ത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ്, എന്നീ വിഷയങ്ങൾക്ക് പ്രധാന്യം നൽകുന്ന കർമപദ്ധതി രൂപകല്പക ചെയ്യേണ്ടത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടതായുണ്ട്.

മലയാളം

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതിളൊണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യങ്ങൾ

*പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുടികൾ എല്ലാവവരും സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും.
അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും

* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ തളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

*രചനകൾ ഭവാത്മകമായി വായിക്കും

*ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർദങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

*ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ,കവിത, ഡയറി ചിത്രം)

*കഥകളെയും കവിതകളേയും മറ്റും നാടകം, ചിത്രീകരണം, റീഡേഴ്സ് തിയറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

*ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ജൂൺ-ജൂലായ് - 1: കനകച്ചിലങ്ക

*നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

*പഴഞ്ചൊല്ലുകൾ ശേഖരണം

*നാടൻ പാട്ടിലെയും കവിതയിലിയും താളം

*നാടൻ കഥകളുടെ അവതരണ ശില്പശാലി

*കടങ്കഥകൾ ശേഖരണം

*കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

*പാവ നാടകത്തെ അടുത്തറിയാം ശില്പശാല

*നാടൻപാട്ട്, കവിത എന്നിവയിലടങ്ങിയ താളം പിടിച്ച് ചൊല്ലി രസിക്കുന്നു.

ആഗസ്റ്റ്, സെപ്തംബർ പലഹാരപ്പൊതി

*കുടികൾ വരച്ച ചിത്രങ്ങളുള്ള പൂസ്രായങ്ങൾ ലൈത്താറിയിൽ ഒരുണിവയ്ക്കാൽ

*ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

*പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ

*കത്തുകൾ മാതൃങ്ങൾ

* ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം

ഒക്ടോബർ - നവംബർ മനുഷ്യന്റെ കൈകൾ

*കൃഷിയിടം സന്ദർശനം

*കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം -

.*കുട്ടിക്കളികൾ : കുട്ടികാലത്തെ കളി അനുഭവങ്ങൾ, വിവരണം:

നവംബർ - ഡിസംബർ അപ്പൂപ്പൻതാടി

*പ്രകൃതിയുമായി ബന്ധപ്പെട്ട കഥ, പാട്ട്, കവിത എന്നിവയുടെ ശേഖരണം, അവതരണം.

1. പ്രകൃതിയുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെ ശേഖരണം

*യാത്രാനുഭവം, വിവരണം

നാടൻപാട്ട്, കവിത എന്നിവയിലടങ്ങിയ താളം പിടിച്ച് ചൊല്ലി രസിക്കുന്നു.

*വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയുമായി

ജനുവരി - ഫെബ്രുവരി നമ്മളൊന്ന്

*കഥവായന

*സംവാദം

* സമൂഹനീതി എന്ന ആശയത്തിലൂനിയ കളി

* കഥയെ പാവനാടകമായി അവതരിപ്പിക്കൽ

*കത്ത് തയ്യാറാക്കൽ

*ചിത്രത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കൻ

*കവിത താളമിട്ടു ചൊല്ലൽ

ഫെബ്രുവരി - മാർച്ച് മാനത്തോളം

*കവിത താളമിട്ടു ചൊല്ലൽ

*പോസ്റ്റർ തയ്യാറാക്കൽ

*കഥ ചിത്രീകരിക്കൽ, കത്ത് തയ്യാറാക്കൽ

*കർടൺ വായന, ശാസ്ത്രകഥകൾ, ലേഖനങ്ങൾ എന്നിവയുടെ വായന

*അനുഭവക്കുറിപ്പ് തയ്യാറാക്കൽ

ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ കഴിയുന്ന്ന വിധം പ്രവർത്തനങ്ങൾ മേമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലാനാത്മകചിന്തഎന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്.

ലക്ഷ്യങ്ങൾ

*ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാരണശേഷിയുള്ളവരാക്കി മാറ്റുക

*കലാ കായിക പ്രവർത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളേയും ഭാഷയിലേയും ഗണിതത്തിലെയും പരിസരപഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണമായ കാര്യക്ഷമമായും നേടിയവരാക്കുക

ജൂൺ- ജൂലായ് രൂപങ്ങൾ വരയ്ക്കാം

*ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം, വട്ടം,ന്തിക്കോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ

* തോരണം നിർമ്മാണം, തോണി നിർമ്മാണം

*വെജിറ്റബിൾ പ്രിൻറിംഗ് ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കട്ടികൾ നിർമ്മിക്കുന്നു.

ജൂലായ് - ആഗസ്റ്റ് :

.*ഓരോ കുടിക്കും കണക്കപെട്ടി

*1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും, 10 എണ്ണം വീതം കമ്പ് കെട്ടുകൾ, സംഖ്യാസ്ലിപ്പുകൾ

*അബാക്കസ് നിർമ്മാണം

ആഗസ്റ്റ് - സെപ്റ്റംബർ കൂട്ടുകൂടാം.

*പ്രയോഗിയ പ്രശ്ങ്ങളുടെ നിർദ്ധാരണം

സെപ്തംബർ - ഒക്ടോബർ
അളന്നു കുറിക്കാം

*സ്കെയിൽ നിർമ്മാണം

* കുട്ടികളുടെ ഉയരം, വണ്ണം, ആക്കം

*സംഖ്യകളുടെ ഗുണനക്രിയ ഉൾക്കൊളള്ളുന്ന പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

*ഗുണന വസ്തുത കാർഡ് നിർമ്മാണം
സംഖ്യകളുടെ ഗുണനക്രിയ ഉൾക്കൊളള്ളുന്ന പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

* ഗുണന വസ്തുത കാർഡ് നിർമ്മാണം

ഒക്ടോബർ - നവംബർ : കൂട്ടണോ കുറയ്ക്കണോ

* മൂന്നക്കസംഖ്യകളുടെ വ്യവകലനക്രിയ ഉൾക്കൊളള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്ന

*അബാക്കസ് നിർമ്മാണം

നവംബർ - ഡിസംബർ : ടിക്. .. ടിക്

*വാച്ച്, ക്ലോക്ക് നോക്കി സമയം പറയൽ

*സമയവുമായി ബന്ധപ്പെട്ട കളികൾ

*നിശ്ചിത സമയം ചിത്രീകരിക്കൻ

*കലണ്ടർ നോക്കി ദിവസം, തീയതി, മാസം, വർഷം എന്നിവ കണ്ടെത്തൽ

| ജനവരി - ഫെബ്രുവരി :  വീണ്ടും വീണ്ടും കൂട്ടുമ്പോൾ

*ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

* സംഖ്യാകാർഡുകൾ, ഗുണനാക്കാർഡ് നിർമ്മാണം

* ഹരണക്രിയ ഉൾക്കൊളളുന്ന പ്രായോഗിക പ്രശ്ങ്ങൾ നിർധാരണം ചെയ്യുന്നു

ഫെബ്രുവരി - മാർച്ച് - കുപ്പിയിലൊ, സഞ്ചിയിലൊ ?

*നിത്യജീവിതത്തിന്റെ ഭാഗമായും കളിളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉള്ളവ്, ഭാരം എന്നിവയു മായി ബന്ധപ്പെട്ട ആശയങ്ങൾ, ഏകകങ്ങൾ

*ചിത്രരൂപത്തിൽ നൽകിയ വിവരങ്ങൾ വിശദീകരിക്കുന്നു, വ്യാഖ്യാനിക്കുന്നു

## പരിസരപഠനം

പരിസരം എന്നത് വിശാലമായ അർത്ഥത്തിൽ ഒരു കുട്ടിയുടെ ജീവിതത്തെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളും ഉൾപ്പെടുന്നതാണ് പ്രകൃതിയുമായി ബന്ധപ്പെട്ട നേരനുഭവവും നിരീക്ഷണവും വഴി കുട്ടികളിൽ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ വളർത്തുക, ചുറ്റുപാടുമുള്ള പ്രകൃതിയിലെ വൈവിധ്യവും പ്രക്രിയയും മനസ്സിലാക്കാനുള്ള അവസരമൊരുക്കും പരിസ്ഥിതിയുടെ മെച്ചപ്പെടുത്തൽ, സംരക്ഷണം എന്നിവയ്ക്ക് ആവശ്യമായ ധാരണകൾ, ശേഷികൾ, മൂല്യങ്ങൾ, മനോഭാവം എന്നിവ ആർജിക്കുക തുടങ്ങിയവ പരിസര പഠനത്തിലൂടെ ലക്ഷ്യമിടുന്നു.

### ലക്ഷ്യങ്ങൾ

*കുട്ടികളിൽ ശാസത്രബോധം
വികസിപ്പിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

* നിരീക്ഷണം, പരീക്ഷണം, ദത്തശേഖരണം, ശേഖരിച്ച വിവരങ്ങൾ തരം തിരിക്കൽ, വ്യാഖ്യാനിക്കൽ, വിശകലനം ചെയ്യൽ, നിഗമനത്തിലെത്താൻ പരിശോധിക്കൽ, ആശയവിനിമയം ചെയ്യൽ തുടങ്ങിയ ശാസ്ത്രത്തിന്റെ പ്രവർത്തന രീതികൾ സ്വായത്തമാക്കുക.

*വെള്ളം, വായു, വസ്ത്രം, ജൈവവൈവിധ്യം, ശുചിത്വം, മാലിന്യം സംസ്കരണം, ആരോഗ്യം, പരിസ്ഥിതി പ്രതിഭാസങ്ങൾ, പൊതു സേവന കേന്ദ്രങ്ങൾ എന്നിവയെപ്പറ്റി ധാരണകളും ശേഷിയും നേടുക.

ജൂൺ - ജൂലൈ ഹരിതഭൂമി

*ചെടികൾ നിരീക്ഷിക്കുന്നു

*പ്രകൃതി നടത്തം

*വിത്ത് മുളപ്പിക്കൽ

*വ്യത്യസ്തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.

*പരിസ്ഥിതിദിനാചരണം

* ഹരിതകാർഡ് നിർമ്മാണം

ജൂലൈ - ആഗസ്റ്റ് - ജന്തുലോകത്തേക്ക്

* വ്യത്യസ്തരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം.

.*മണ്ണ് നിരീക്ഷണം

.*ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം - ശലഭങ്ങൾ വരുന്നു

ആഗസ്റ്റ് - സെപ്റ്റംബർ ജലവും മണ്ണും

* മഴമാപിനി നിർമ്മാണം

*ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം

*മണ്ണ് നിരീക്ഷണം

*മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ

*മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ

ഒക്ടോബർ വൃത്തി നൽകും ശക്തി

*ശുചിത്വ പോസ്റ്റർ നിർമ്മാണം

*സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ

* ആരോഗ്യ ബോധവത്കരണ സെമിനാർ

*Interview ആരോഗ്യ പ്രവർത്തകർ

നവംബർ ആഹാരവും ആരോഗ്യവും

*food festival

*എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും

*BMI കാണുന്നു

*ശരിയായഭക്ഷണശീലlo-poster

ഡിസംബർ - ജനവരി- സുരക്ഷിതജീവിതം

*first aid kit തയ്യാറാക്കൽ

*first and Readers theatre

.*സ്വയ സുരക്ഷ - ചർച്ച, ബോധവത്കരണം.

.*റോഡിലെ അപകടങ്ങൾ Newspaper cuttings

ജനവരി - ഫെബ്രുവരി  നാം ജീവിക്കുന്ന ലോകാം

.*പരീക്ഷണം, നിരീക്ഷണ പ്രവർത്തനം globe, ICT

*ഗ്ലോബ് നിർമ്മാണം

*ദേശീയപതാക വരയ്ക്കൽ

* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ

* ഭൂപട വായന. എന്റെ കേരളം - ചിത്രരചന കുറിച്ച്

ഫെബ്രുവരി - മാർച്ച് വീട്ടും കാട്ടും

.*ജീവികളുടെ കൂട്ടുകൾ - ചിത്രശേഖരണം

.*വ്യത്യസ്തരം വീട്ടുകൾ - Album

.*വ്യത്യസ്തരം ജോലികൾ - ചിത്രശേഖരണം

## ENGLISH

In Kerala, there are opportunities for the learning of English right from the first standard itself. Learners have to gain abilities to communicate fluently in English and also to use the language in various fields of life. Understanding the concepts, Speaking, reading and writing in English are abilities that the learner has to acquire right from the primary stage.

**Aim**

To Speak, Read & write  English without any mistakes.

**June-July  Tender touch**

*To develop listening skills & reading skills
listening skills

story, Use ICT, Hello English activities

*Speaking skills. Identify the naming words from the picture.

*Make simple description about the picture

*Growing sentences, picture reading

**August September festive fun**

*Develop the creative speaking & writing

**Reading skills** - Books reading, findworols, collect & read past tense, Rhyming words, TB Activities

**writing skills -** Speech bubbles, conversation, make word web, picture description, Make riddles, Add more lines, prepare Posters

**October-November Harmony**

*To express thoughts, feelings etc.

**Reading skills** - Conversation, stories, use ICT read Stories, poem

**Writing skills** - Description, Thoughts, Reads diary

**November-December Blooms and Breeze**

*Develop creative Speaking & writing.

**Reading skills** - Conversation, Stories use ICT, Develop story,

**Writing skills** - diary, slogan, Riddles, thought

**January-February Honestys pays**

*To improve the presentation power

**Reading skills**- Conversations, skit,stories, develop story,

**writing skills** - Rhyme, Thoughts, Description ,Exhibition.

**ക്ലാസ്: 4**

കുട്ടികളുടെ എണ്ണം: 6
അധ്യാപികയുടെ പേര് : ഷീന. P .എബിൻ

മധുരം മലയാളം

ലക്ഷ്യങ്ങൾ
*കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

*വായനാശേഷി വളർത്തൽ

*ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻ-മാരെ അടുത്തറിയൽ

*ICT സാധ്യതയിലൂടെ ധാരളം കൃതികളെ പരിചയപ്പെടൽ

*നാടിന്റെ പ്രാചീന രുചികളെയും നാടൻ ഭക്ഷണത്തെയും പരിചയപ്പെടൽ

*പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടും കൂടാതെ പ്രാചീന പ്രാദേശിക കലാരൂപങ്ങളെ തിരിച്ചറിയൽ

*സർഗോത്സവം - ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ

പ്രവർത്തനങ്ങൾ.

ചെറിയ ക്ലാസ്സുകളിൽ നിന്നും
അക്ഷരങ്ങളും ചിഹ്നങ്ങളും ഇപ്പോഴും ആശയക്കുഴപ്പം നേരിടുന്ന ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ലക്ഷ്യം പൂർത്തീകരിക്കുന്നതു വരെ പരിശീലനം സങ്കടിപ്പിക്കൽ .ഇതിനായി പഠന സമയത്തിന് പുറമേയുള്ള ഇടവേള്ളൾ ഉപയോഗിക്കണം: ആവശ്യമായ പഠന സാമഗ്രികൾ SRG, രക്ഷകർത്താക്കൾ എന്നിവരുടെ സഹായത്തോടെ തയാറാക്കി അവ കുട്ടികളിലെത്തിക്കണം.

വായനാശേഷി വളർത്തൽ

ചെറുകഥകൾ, ബാലമാസികാ പ്രസിദ്ധീകരണങ്ങൾ എന്നിവയുപയോഗിച്ച് ക്ലാസ് ലൈബ്രറി ഒരുക്കൽ. ക്ലാസ് വായനക്കൂട്ടം , ആനുകാലിക വായന, വായനാക്കുറിപ്പ് തയാറാക്കൽ.ഒരു ദിനം ഒരു സാഹിത്യകാരനെ / സാഹിത്യകാരിയെ കൂടി പരിചയപ്പെടൽ. പ്രശസ്തമായ കൃതികൾ ICT സാധ്യത കൂടി പ്രയോജനപ്പെടുത്തി വായിക്കാൻ അവസരം നൽകൽ.

എഴുതാം തെളിയാം

പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തന ങ്ങളിൽ നിന്നും നേടിയ ശേഷികളെ പരിപോഷിപ്പിക്കൽ. ദിനാചരണ പ്രവർത്തനങ്ങളിൽ അവയുടെ ഉപയോഗം പതിപ്പ്, പത്രം, ഡോക്യുമെന്ററി എന്നിവ തയ്യാറാക്കുന്നതിനുള്ള ശേഷി വർദ്ധിച്ചിക്കൽ.

കണ്ടറിയാം കേട്ടറിയാം

പാഠഭാഗവുമായി ബന്ധപ്പെട്ട വിവര ശേഖരണം. പ്രാദേശിക പരിജ്ഞാനികളുമായി സംവാദം. പ്രാദേശിക വിഭവങ്ങളെ തിരിച്ചറിഞ്ഞ് ക്രല/സാംസ്കാരികം) മറ്റുള്ളവർക്കു കൂടി പ്രയോജനകരമായ രീതിയിൽ (അഭിമുഖം / ഡോക്യുമെൻറി )തയ്യാറാക്കൽ .

രുചിച്ചറിയാം

നാടൻ പ്രാദേശിക വിഭവങ്ങളെയും മറ്റ് ഭക്ഷണ സംസ്കാരത്തെയും തിരിച്ചറിയുന്നതിനും ഭക്ഷ്യമേള, കാസ്സിലൊരു സദ്യ എന്നിവ നടത്തി,
പാചകക്കുറിപ്പ് / പതിപ്പ് തയ്യാറാക്കൽ

## ഓർക്കാം അഭിമാനിക്കാം സാഹിത്യകാരൻമാർ

സാഹിത്യകാരൻമാരെ ഓർമ്മിക്കാം, ദിനാചരണങ്ങൾ ,പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ,ICT സാധ്യതയുടെ പ്രയോജനം, ക്വിസ് , ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ്, പോസ്റ്റർ മത്സരം എന്നീ പ്രവർത്തന ങ്ങളിലൂടെ അവ സാധ്യമാണ്.

## കലക്കൂട്ട്

പാഠഭാഗവുമായി ബന്ധമുള്ളതും പ്രദേശികമായി ആചരിക്കുന്നതുമായുള്ള കലാരൂപങ്ങളെ അടുത്തറിയുന്നതിന് അവസരമൊരുക്കൽ. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ എന്നിവ നേരിൽ കാണുന്നതിനുള്ള അവസരം

## സർഗ്ഗോത്സവം

ഒരുവർഷക്കാലം കുട്ടി നേടിയ അറിവുക കളയും ശേഷികളെയും ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനുള്ള അവസരം ഇതിലൂടെ ലഭിക്കുന്നു.

## കളിക്കാം ഗണിക്കാം.

ഏത് വിഷയമായാലും അതിന്റെ അടിസ്ഥാനപരമായുള്ള അറിവ് ഉറച്ചെങ്കിൽ മാത്രമേ പഠനം സുഗമമായി നടക്കുകയുള്ളൂ. ഭൂരിഭാഗം ആളുകളുടെയും ഒരു പ്രശ്ന വിഷയമാണ് ഗണിതം. ഇത് ഏറ്റവും ലളിതമായും രസകരമായും താല്പര്യമുണർത്തുന്ന രീതിയിലും കുട്ടികളിൽ എത്തിക്കുന്ന തരത്തിലാണ് പാഠഭാഗങ്ങളും അവയുടെ പ്രവർത്തനങ്ങളും ക്രമികരിച്ചിരിക്കുന്നത്. ഒരുവർഷക്കാലം നീണ്ടുനിൽകുന്ന ഏതാനും പ്രവർത്തനങ്ങളാണ് ഇവിടെ നൽകുന്നത്.

## ലക്ഷ്യങ്ങൾ

*ഗണിതപഠനനം രസകരമാക്കാൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)

*കര- ചലനശേഷിവികാസം - ഒറിഗാമി, പാറ്റേൺ എന്നിവയുടെ നിർമ്മാണം

*ഗണിത ലാബ് തയ്യാറാക്കൽ.

*ഗണിച്ചുമർ ഒരുക്കൽ

*ഗണിതരൂപങ്ങൾ അവയുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

*ഗണിത പഠനോപകരണ നിർമ്മാണ ശില്പശാല. രക്ഷിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാല

*ഗണിതശേഷികളുടെ പ്രകടനം

പ്രവർത്തനങ്ങൾ

ചതുഷ്ക്രിയകളെ രസകരമായ രീതിയിൽ അവതരിപ്പിക്കുന്നതിന് ധാരാളം കളികളുണ്ട്. ഏണിയും പാമ്പും, ഡയസ് കളി, കച്ചവടക്കളി തുടങ്ങിയവ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയോ ഇടവേളകളിലോ നൽകുന്നതാണ്.

*ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം കുട്ടികളുടെ ഏകാഗ്രത കരചലന ശേഷി വികാസം എന്നിവ സാധ്യമാക്കുന്നു.

*പാറ്റേണുകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കുന്നതിനും അവ ഗണിതലാബിൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ.

*ഗണിത പഠനോപകരണശില്പ്പശാല - രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലയിൽ വിവിധ പാഠഭാഗങ്ങളിൽ കുട്ടിക്ക് ലഭിക്കേണ്ട ശേഷികളെ കുറിച്ച് ധാരണ നൽകൽ ഒപ്പം പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് വ്യക്തമാക്കാൻ എന്നീ ഉദ്ദേശങ്ങളുണ്ട്.
*ഗണിത മേളയിലൂടെ ഒരു വർഷക്കാലം നീണ്ടുനിന്ന പ്രവർത്തനങ്ങൾ പൊതുമധ്യത്തിൽ അവതരിപ്പിക്കുന്നതിനും പഠന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു

## ENGLISH

### Objectives

*To encourage active learning and Speaking skill

*To develop an English atmosphere that the Children are engaging

*To expand vocabulary for improved communication and comprehension

*Ensure fluency in reading and writing

*To Equip students with effective written Communication skills

*To establish a solid understanding of language elements.

* To develop literature a love for reading and writing

*To develop children's own stories and drafting books.
* To apply the language in day to day life

English Challenge.

We can creates an English atmosphere Speak Simple English Sentences frequently use Simple questions and lead to jokes prepare some story cards and short videos of its reading. Share them in whatsapp group. celebrate a day in a week as English day.

Paste some English words on walls doors shelf benches desks tables etc.

Makes use of some action songs and games also

English Assembly.

Listening Teacher talk, speaking Prayer pledge, news riddles diary quotes of eminent leaders readers theatre etc

MEW

New words are introducing through pictures and appropriate sentences en different context to get its meaning. Students have to keep them in notebooks as my English world.

## Description

Gives different pictures to prepare a description (describing words are introducing occasionally

## Speech Bubbles

Give chances for filling speech bubbles eg: Issac and Dilna Gives more chances in the next coming units also.

## Creative Space

Provide students with a set of story related pictures They should sequence the events and develop a meaningful story based on them (Sargavela)

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- പ്രകൃതിനടത്തം- നിരീക്ഷണം അറിവുനിർമ്മാണം
- ശാസ്ത്രമൂല- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്രയാത്ര- ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ
- ഭൂപടമൊരുക്കാം - കേരളം ഇന്ത്യ - ഭൂപടവായന, സൂചിക - പരിചയപ്പെടൽ
- ശാസ്ത്ര വിസ്മയ ചുമർ
  ശാസ്ത്ര പഠനം രസകരമാക്കൽ
- ശാസ്ത്രോത്സവം
  ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
- ശാസ്ത്രമാസിക- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന.

## പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രകൃതിനടത്തം/ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് ലഘുപരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള സാമഗ്രികൾ ഒരുക്കുന്നതിനും പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നതിനും ശാസ്ത്രമൂല സഹായകരമാണ്.
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ.
- ദൃശ്യപട വായന, ദൃശ്യപട രചന സൂചികാനിർമ്മാണം ഉപയോഗിക്കൽ
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായി ശാസ്ത്ര ചുമർ
- ശാസ്ത്രമാസിക.

  പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർത്ത് ശാസ്ത്രമാസിക തയ്യാറാക്കൽ.
- ശാസ്ത്രോത്സവം

  പതിപ്പുകൾ ചാർട്ടുകൾ ആൽബങ്ങൾ പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം വർഷാവസാനം നടത്താവുന്നതാണ്.